**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **06-02-2023 - ൽ മറുപടിയ്ക്ക്**

**മണ്ഡലകാലത്തെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ കഴിഞ്ഞ വർഷം മണ്ഡല മകരവിളക്ക് കാലത്തെ ആകെ വരുമാനം എത്രയായിരുന്നു; ഈ സീസണിൽ ആകെ വരുമാനം എത്രയാണ്; കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (എ) | ശബരിമലയിൽ കഴിഞ്ഞ വർഷം(2021-22) മണ്ഡല മകരവിളക്ക് കാലത്ത് ലഭിച്ച ആകെ വരുമാനം 154,39,56,054/- രൂപ ആയിരുന്നു. ഇക്കഴിഞ്ഞ സീസണിൽ കണക്കാക്കിയിട്ടുള്ള വരുമാനം 351 കോടി രൂപയോളമാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. നാണയങ്ങൾ എണ്ണുന്നതിന് യന്ത്ര സംവിധാനം അടക്കമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പഠനം തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്നുണ്ട്. |
| (ബി) | ശബരിമലയിൽ ഈ മണ്ഡല മകരവിളക്ക് കാലത്ത് ഉണ്ടായ തിരക്കിന്റെ പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടന കാലത്തേക്ക് എന്തൊക്കെ മുൻകരുതലുകളും അടിസ്ഥാന സൗകര്യവികസനവും നടത്തുമെന്ന് വ്യക്തമാക്കുമോ? | (ബി) | ശബരിമലയിൽ ഈ മണ്ഡല മകരവിളക്ക് കാലത്ത് ഉണ്ടായ തിരക്കിന്റെ പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടന കാലത്തേക്ക് കൂടുതൽ സൗകര്യങ്ങൾ കുറ്റമറ്റരീതിയിൽ ഏർപ്പെടുത്തുന്നതിനു സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ മുന്നോടിയായി ഇക്കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത വർഷത്തെ തീർത്ഥാടന കാലത്തിന് മുൻപായി കൂടുതലായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും പരിശോധിക്കുന്നതിനായി ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെയും ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും യോഗം പമ്പയിൽ 16/02/2023-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ